പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5135 28.10.2016-ലെ മറുപടിക്ക്

## സ്പെയർ പാർട്ടുകൾ വാങ്ങിയതിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി ടയറുകൾ, സ്പെയർ പാർട്ടുകൾ, പെയിന്റ് എന്നിവ വാങ്ങിയതിൽ ക്രമക്കേടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പെയിന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടന്നു വരുന്നു. എന്നാൽ ടയർ, സ്പെയർ പാർട്സ് എന്നിവ വാങ്ങിയതിൽ ക്രമക്കേടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഗുണനിലവാരമില്ലാത്തതും, അനാവശ്യമായതുമായ സ്പെയർ പാർട്ടുകളും, ടയറുകളും പെയിന്റും വാങ്ങിയതുകാരണം കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;. | (ബി) യും (സി) യും | സ്പെയർ പാർട്സുകളും, ടയറുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് നഷ്ടമുണ്ടായതായി കാണുന്നില്ല. പെയിന്റ് വാങ്ങിയതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ നഷ്ടം വരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ